# പ്രായമാകുന്നില്ല ഞാൻ

ഉണ്ണി ബാലകൃഷ്ണൻ



സംസാരിക്കാൻ എന്തിരിക്കുന്നു എന്നു
തോന്നാം. പ്രായം അത്ര ലളിതമായ ഒരു
പ്രതിഭാസമല്ല. പ്രായം അത്രവേഗം നമുക്ക്
പിടിതരുന്ന ഒരു പ്രതിഭാസവുമല്ല.
ഒന്നോർത്തു നോക്കൂ... എന്തുകൊണ്ട്
എനിക്കും നിങ്ങൾക്കും പ്രായമാകുന്നു?
ജനിച്ചതുകൊണ്ടും ജീവിക്കുന്നതുകൊണ്ടും
എനിക്കും നിങ്ങൾക്കും പ്രായമാകുന്നു.
പക്ഷേ, ജീവിക്കാൻ എന്തിന് പ്രായമാകണം?
പ്രായമാകാതെയും ജീവിക്കാമല്ലോ? ജനിച്ചാൽ ഒരിക്കൽ
മരിക്കണം. അതുകൊണ്ട് പ്രായമാകണം. പക്ഷേ, പ്രായമാ
കാതെയും മരിക്കാറുണ്ടല്ലോ! ഒരാളുടെ പ്രായം മനുഷ്യസമൂഹ
ത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിന്റെ ആകെ തുക
യാകുന്നു! എന്റെയും നിങ്ങളുടെയും ജീവിതം ആകെ മനുഷ്യ
ചരിത്രത്തിന്റെ നേട്ടങ്ങളുടെ എല്ലാം സമ്പൂർണതയാകുന്നു.
ദീർഘമായ നമ്മുടെ ആയുഷ്കാലം എന്റെയോ നിങ്ങളു
ടെയോ സ്വന്തം നിർമ്മിതിയല്ല. അനേക കോടി വർഷങ്ങ
ളിലൂടെ ഈ പ്രപഞ്ചത്തിൽ, ഭൂമിയിൽ, ബാക്ടീരിയ മുതൽ
ആദിമ മനുഷ്യനും ആധുനിക മനുഷ്യനുംവരെ കൂട്ടുചേർന്ന്
നിർമ്മിച്ചെടുത്ത ഒരാവാസവ്യവസ്ഥയുടെ സൃഷ്ടിയാണത്.

കവർ ഡിസൈൻ: വിശാഖ് രാജ് . ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്

www.dcbooks.com

പഠനം / ശാസ്ത്രം

ISBN 978-93-5432-837-4 00001
9 789354 328374
E-book available
₹ 750

ഉണ്ണി ബാലകൃഷ്ണൻ • പ്രായമാകുന്നില്ല ഞാൻ

ഡിസി ബുക്സ്

ഉണ്ണി ബാലകൃഷ്ണൻ

# പ്രായമാകുന്നില്ല ഞാൻ

പ്രായത്തെ മുൻനിർത്തി
മനുഷ്യ ജീവിതത്തെയും
പ്രപഞ്ചജീവിതത്തെയും
വിശകലനവിധേയമാക്കുന്ന
തത്വചിന്താപരവും
ശാസ്ത്രസാങ്കേതിക
വിജ്ഞാനപരവുമായ കൃതി.

1641

LIBRARY

# വായനയുടെ 47 ചരിത്രവർഷങ്ങൾ

ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിന് 10 മാസം മുമ്പാണ് ഡി സി ബുക്സ് സ്ഥാപിതമാകുന്നത്- 1974 ആഗസ്റ്റ് 29. 1974-'75-ൽ *മലയാളശൈലീ നിഘണ്ടു* വിലാരംഭിച്ച് *ഭാരത വിജ്ഞാനകോശ* (6 വാല്യം)മടക്കം 24 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. സ്വദേശാഭിമാനിയുടെ *എന്റെ നാടുകടത്തലും* ഡൊമിനിക് ലാപിയറുടെ *സ്വാതന്ത്ര്യം അർദ്ധരാത്രിയിലും* പ്രസിദ്ധീകരിക്കുന്നത് ഇക്കാലത്താണ്. 1977-ൽ അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷം ആഗസ്റ്റിൽ ഇന്ത്യൻ രാഷ്ട്രീയ വിമർശന കൃതിയായ കുൽദീപ് നയ്യാരുടെ *ജഡ്ജ്മെന്റ്*, ഒക്ടോബറിൽ ഉമാ വാസുദേവിന്റെ *ഇന്ദിരാഗാന്ധിയുടെ രണ്ടു മുഖങ്ങൾ* എന്നിവയുടെ പരിഭാഷ പ്രസിദ്ധീകരിച്ചു. ഇരുപുസ്തകങ്ങൾക്കും ആ വർഷംതന്നെ 3 പതിപ്പുകളുണ്ടായി. 1978-ൽ വിവാദം സൃഷ്ടിച്ച *കിസാ കുർസി കാ* എന്ന അമൃത് നാഹ്തയുടെ നാടക പരിഭാഷയും പുറത്തിറക്കി. കാലത്തോട് പ്രതികരിച്ചും ഇടപെട്ടും സാഹിത്യ-വൈജ്ഞാനിക മേഖലകളെ സമ്പന്നമാക്കിക്കൊണ്ട് 1979 ആവുമ്പോൾ വർഷം 126 പുസ്തകങ്ങൾ വരെ ഡി സി ബുക്സ് പ്രസിദ്ധീകരിച്ചു. '79-ലാണ് ബഷീറിന്റെ പുസ്തകങ്ങൾ കൂട്ടത്തോടെ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്; മാലി കൃതികളും.

1990-കൾ ഉദാരവത്കരണത്തിന്റെയും കമ്പ്യൂട്ടറുകളുടെയും ഓഫ്സെറ്റ് അച്ചടിയുടെയും കാലമായി. പുസ്തകനിർമ്മിതിയിലും വ്യാപനത്തിലും വമ്പിച്ച കുതിച്ചുചാട്ടങ്ങളുണ്ടായി. 21-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മൊബൈൽ ഫോണുകൾ വ്യാപകമാകുകയും വിവരസാങ്കേതികവിദ്യ വേൾഡ് വൈഡ് വെബ്ബിലൂടെ ലോകത്തെ മുഴുവൻ ഒന്നാക്കുകയും ചെയ്തപ്പോഴും അനുഭവലോകത്തെയും വൈജ്ഞാനികലോകത്തെയും അഭിവൃദ്ധിപ്പെടുത്തുന്നതിൽ പുസ്തകങ്ങൾക്കുള്ള സ്ഥാനം നഷ്ടമായില്ല. കഴിഞ്ഞ പതിറ്റാണ്ട് അതീത യാഥാർത്ഥ്യത്തിന്റെയും (Virtual Reality) സത്യാനന്തരതയുടെയും (Post Truth) മാനവാനന്തരതയുടെയും (Post Human) നിർമ്മിത ബുദ്ധിയുടെയും (AI) കാലഘട്ടമായപ്പോൾ പുസ്തകങ്ങളും ഡിജിറ്റൽ രൂപത്തിലേക്ക് വികസിച്ചുവെങ്കിലും പ്രിന്റ്പുസ്തകങ്ങളുടെ പ്രചാരം നഷ്ടപ്പെട്ടില്ല. ഡി സി ബുക്സ് എല്ലാ പുസ്തകങ്ങളും പ്രിന്റ് എഡിഷനോടൊപ്പം ഇ ബുക്കായും ഓഡിയോബുക്കായും വായനക്കാരിലെത്തിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളെയും മാറ്റിമറിച്ചുകൊണ്ട് മുന്നേറുന്ന ഡിജിറ്റൽ ലോകത്തിന്റെ വരുംകാലങ്ങളിലും അനുഭവങ്ങളുടെയും വിജ്ഞാനത്തിന്റെയും മണ്ഡലങ്ങളിൽ പുസ്തകങ്ങൾക്ക് പ്രമുഖ സ്ഥാനമുണ്ടായിരിക്കുമെന്നുതന്നെയാണ് പ്രതീക്ഷ.

കഴിഞ്ഞ 20 മാസങ്ങളായി ലോകമെമ്പാടുമുള്ള മഹാമാരിയുടെ കലുഷതകൾക്കുള്ളിലും ഡി സി ബുക്സ് അതിന്റെ 47-ാം വാർഷികം ആഘോഷിക്കുമ്പോൾ 47 പുതിയ പുസ്തകങ്ങൾ ഒരുമിച്ചു പ്രസിദ്ധീകരിച്ചുകൊണ്ട് മലയാളികളുടെ വായനാലോകത്തെ സമ്പുഷ്ടമാക്കുകയാണ്.

ആഗസ്റ്റ് 29, 2021

രവി ഡി സി

MALAYALAM LANGUAGE

Prāyamākunnilla njān

STUDY
*by* Unni Balakrishnan

Rights Reserved
First Published August 2021

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Unni Balakrishnan.
Prayamakunnilla njan/Unni Balakrishnan.
776p., 21cm.
ISBN 978-93-5432-837-4.
1.Science. 2. Study. I. Title.
500.09-dc 22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-93-5432-837-4

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

403/21-22-Sl.No.21880-dcb 7827-1000-24500-08-21-lm 60-p as-r ds/sr-d bs

എന്റെ അച്ഛൻ കെ. ബാലകൃഷ്ണൻ നായർക്ക്
എന്റെ അമ്മ പി. ശാരദാമ്മയ്ക്ക്

*Humanity's greatest dream since the beginning of time,*
*the happy enjoyment of eternal life here on earth,*
*had become a gift within the grasp of everyone,*
*like the sun that rises everyday and the air that we breath.*
*– Jose Saramago*
('Death with Interruptions')

## ഉള്ളടക്കം


പ്രായവും സമയവും .................... 19
പ്രായവും ബോധവും .................... 53
പ്രായമാകുന്നില്ല 'ഞാൻ' .................... 82
'എനിക്ക്' പ്രായമാകുന്നു .................... 158
പ്രായവും പ്രകൃതിയും.................... 189
പ്രായവും ചരിത്രവും.................... 222
പ്രായവും ചരിത്രവും (തുടരുന്നു).................... 255
മരുന്നും പ്രായവും.................... 299
പ്രായവും പരിണാമവും .................... 349
പ്രായത്തിന്റെ DNA .................... 411
പ്രായത്തിന്റെ രാഷ്ട്രീയം .................... 452
പ്രായത്തിന്റെ രാഷ്ട്രീയം (തുടരുന്നു) .................... 499
പ്രായവും അനശ്വരതയും .................... 544
പ്രായത്തിന്റെ സമ്പദ്ശാസ്ത്രം .................... 605
പ്രായവും സമൂഹവും .................... 645
പ്രായവും മരണവും .................... 695
പ്രായവും മരണവും (തുടരുന്നു) .................... 737

*പദസൂചി*.................... 765

## ആമുഖം

*Imagination is more important than knowledge.*
*Knowledge is limited. Imagination encircles the world.*

– ആൽബെർട്ട് ഐൻസ്റ്റൈൻ,
ഊർജതന്ത്രജ്ഞൻ, നോബൽ ജേതാവ്.

'പ്രപഞ്ചം നിർമ്മിക്കപ്പെട്ടിരിക്കുന്നത് കഥകൾകൊണ്ടാണ്, ആറ്റങ്ങൾ കൊണ്ടല്ല,' *The Universe is made of stories, not atoms*—പ്രശസ്ത അമേരിക്കൻ കവയിത്രി മുറിയേൽ റൂകെയ്സറിന്റെ (Muriel Rukeyzer -1913/1980) അതിപ്രശസ്തങ്ങളായ വരികളാണിത് (*The Speed of Darkness*). എത്ര മനോഹരവും ഉദാത്തവുമാണ് ഈ സങ്കല്പം. അത് നമുക്കു മുന്നിൽ വെളിപ്പെടുത്തുന്നത് വലിയൊരു ദർശനത്തെയാണ്; ചൂണ്ടിക്കാണിക്കുന്നത് വലിയൊരു യാഥാർത്ഥ്യത്തെയാണ്. നാം ഈ പ്രപഞ്ചത്തെ അറിഞ്ഞുതുടങ്ങുന്നത്, മനസ്സിലാക്കിത്തുടങ്ങുന്നത് എങ്ങനെയാണ്? കഥകളിലൂടെയാണ്. ഈ പ്രപഞ്ചം എങ്ങനെയുണ്ടായി? ആരാണ് ആദ്യത്തെ മനുഷ്യൻ? *ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങളുടെയും അകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമിയിൽ ഇഴയുന്ന സർവജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ. ദൈവമായ കർത്താവ് വീണ്ടും അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും. ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി, മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്ക് രൂപം കൊടുത്തു. നരനിൽനിന്നും എടുക്കപ്പെട്ടതുകൊണ്ട് നാരി എന്ന് ഇവൾ വിളിക്കപ്പെടും* (ഉത്പത്തി 1–3, ബൈബിൾ). അബ്രഹാമിക് മതങ്ങളിലെല്ലാം സൃഷ്ടിസങ്കല്പം ഒന്നുതന്നെയാണ് എന്നു കാണാം. *നാം പറഞ്ഞു: ആദമേ നീയും നിന്റെ ഇണയും സ്വർഗത്തിൽ താമസിക്കുക. അതിൽ നിന്നും ഇരുവരും യഥേഷ്ടം സുഭിക്ഷമായി ആഹരിച്ചുകൊള്ളുക. പക്ഷേ, ഈ വൃക്ഷത്തോട് അടുക്കരുത്. അടുത്താൽ നിങ്ങൾ ഇരുവരും അതിക്രമികളായിത്തീരും. എന്നാൽ പിശാച് അവരിരുവരെയും അതിൽ നിന്ന് തെറ്റിച്ചു* (അൽബഖറ 35–36, ഖുർ ആൻ). ആദവും ഹവ്വയും

ഏദൻതോട്ടത്തിലെ വിലക്കപ്പെട്ട കനി ഭക്ഷിക്കുകയും അങ്ങനെ സ്വർഗത്തിൽനിന്നും പുറത്താക്കപ്പെടുകയും ചെയ്തു. ഭൂമിയിലെ സകല കഷ്ടതകളുടെയും കാരണം ഈ ആദിപാപമാകുന്നു. മനുഷ്യോത്പത്തിയെയും പ്രപഞ്ചോത്പത്തിയെയും സംബന്ധിച്ച് ഇന്നും ലോകം വിശ്വസിക്കുന്ന ഐതിഹ്യങ്ങളാണിത്. നോക്കൂ... എങ്ങനെ പ്രപഞ്ചം ഉണ്ടായി എന്ന് നാം ആദ്യം അറിയുന്നത്, എങ്ങനെ മനുഷ്യനുണ്ടായി എന്ന് നാം ആദ്യം അറിയുന്നത് ഒരു കഥയിലൂടെയാകുന്നു. ലോകമെമ്പാടുമുള്ള എല്ലാ ഗോത്രങ്ങളിലും സൃഷ്ടി സംബന്ധിച്ച കഥകളുണ്ടായിരുന്നു. മനുഷ്യോത്പത്തി സംബന്ധിച്ച് ടാസ്മാനിയൻ ആദിവാസികൾക്കിടയിൽ പ്രചാരത്തിലുള്ളത് മറ്റൊരു കഥയാണ്. ഒരിക്കൽ ഡ്രോമെർഡിനർ (Dromerdeener) എന്ന ദൈവവും മൊയ്നി (Moinee) എന്ന ദൈവവും തമ്മിൽ യുദ്ധമുണ്ടായി. ഏറ്റുമുട്ടലിൽ മൊയ്നി എന്ന ദൈവം പരാജിതനായി ഭൂമിയിൽ പതിച്ചു. മരണത്തിനുമുമ്പ് മൊയ്നി തന്റെ സ്മരണയെ നിലനിർത്തുന്നതിനായി ആദ്യത്തെ മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ മരണവെപ്രാളത്തിൽ ആദ്യത്തെ മനുഷ്യന് മുട്ടുകൾ (knees) നൽകാൻ മൊയ്നി മറന്നുപോയി. എന്നുമാത്രമല്ല നീളമുള്ള വാല് നൽകുകയും ചെയ്തു. മുട്ടുകൾ ഇല്ലാത്തതിനാൽ കാലുകൾ വളയ്ക്കാൻ കഴിയാതെ പോയ ആദിമമനുഷ്യനെ നീളമുള്ള വാല് ഇരുപ്പുറപ്പിക്കാൻ കഴിയാതെ കുഴക്കുകയും ചെയ്തു. ദൈവസഹായത്തിനായി അവൻ ഉച്ചത്തിൽ കരഞ്ഞു പ്രാർത്ഥിച്ചു. ആകാശത്ത് വിജയാഹ്ലാദത്തിൽ പറന്നുനടന്ന ഡ്രോമെർഡിനർ മനുഷ്യന്റെ നിലവിളി കേൾക്കുകയും അവന്റെ വ്യസനത്തിന് പരിഹാരമായി മുട്ടുകൾ നൽകുകയും നീളൻ വാല് ഛേദിച്ചുകളയുകയും ചെയ്തു. അങ്ങനെ മനുഷ്യൻ മനുഷ്യരൂപത്തെ കൈവരിച്ചു. സ്കാൻഡിനേവിയൻ ഗോത്രവംശമായ 'നോർസ്' (Norse) വിഭാഗത്തിനിടയിൽ മറ്റൊരു കഥയാണ് പ്രചാരത്തിലുള്ളത്. ഒരിക്കൽ 'ഓഡിൻ' (Odin) എന്ന ദൈവം ഒരു കടൽത്തീരത്തുകൂടി നടക്കുകയായിരുന്നു. തീരത്ത് രണ്ടു വൃക്ഷശിഖരങ്ങൾ കിടക്കുന്നത് ഓഡിൻ കണ്ടു. ഒരു വൃക്ഷശിഖരത്തെ പുരുഷനായും മറ്റേ ശിഖരത്തെ സ്ത്രീയായും ഓഡിൻ മാറ്റിത്തീർത്തു. പുരുഷന്റെ പേര് 'Ask' എന്നും സ്ത്രീയുടെ പേര് 'Embla' എന്നും ആകുന്നു. സൃഷ്ടിയെ സംബന്ധിച്ച് ആസ്ട്രേലിയൻ ആദിമഗോത്രങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഐതിഹ്യം 'പരിണാമപരം' പോലുമാണ്. ആദിയിൽ എല്ലാം നിശ്ചലമായിരുന്നു. ആത്മാക്കളെല്ലാം ഗാഢനിദ്രയിലായിരുന്നു. ആദിപിതാവു മാത്രമായിരുന്നു *(The Great Father Of All Spirits)* ഉണർന്നിരുന്നത്. അദ്ദേഹം സൂര്യദേവതയെ (Sun Mother) വിളിച്ചുണർത്തി (സൂര്യൻ ഈ ഐതിഹ്യത്തിൽ സ്ത്രീലിംഗമാകുന്നു). എന്നിട്ട് ഭൂമിയിലേക്കു പോകുവാനായി കല്പിച്ചു. അവിടെ സൂര്യദേവത നിർവഹിക്കേണ്ട കർമ്മങ്ങളും നിർദേശിച്ചു. സൂര്യദേവത ഭൂമിയിലെത്തുകയും സൂര്യരശ്മികൾ പതിച്ച എല്ലാ ഇടങ്ങളിലും സസ്യലതാദികൾ ഉണ്ടാവുകയും ചെയ്തു. വിശ്രമിക്കാനിരുന്ന സൂര്യദേവതയോട് ഗുഹകളിലേക്കു പോകാൻ ആദിപിതാവ് കല്പിക്കുകയും സൂര്യരശ്മികൾ പതിച്ച ഗുഹകളിൽനിന്നും പ്രാണികളും പറവകളും പറന്നുയരുകയും ചെയ്തു. മഞ്ഞുമലകൾ ഉരുകിയൊലിച്ച് നദികളും അവയോടുചേർന്ന് വൻകരകളും അങ്ങനെ പ്രകൃതിയുമുണ്ടായി. ആദിയിൽ എല്ലാം സമാധാനപൂർണമായിരുന്നു. പിന്നീടോ ജന്തുജാലങ്ങൾക്കിടയിൽ വാഗ്വാദങ്ങളും ഏറ്റുമുട്ടലുകളുമുണ്ടായി. ഒടുവിൽ ആദിപിതാവ് എല്ലാ ജീവികൾക്കും എങ്ങനെയും മാറിത്തീരാൻ അനുഗ്രഹം നൽകി. അങ്ങനെ ഭൂമിയിൽ മനുഷ്യരടക്കം സകല ജീവജാതികളുമുണ്ടായി. ഹൈന്ദവവിശ്വാസത്തിൽ ബ്രഹ്മാവിന്റെ സൃഷ്ടിയാണ് പ്രപഞ്ചം. ബ്രഹ്മാവ് സൃഷ്ടിയുടെ ദേവനും വിഷ്ണു സ്ഥിതിയുടെ ദേവനും ശിവൻ സംഹാരത്തിന്റെ ദേവനുമാകുന്നു. വേദങ്ങളിൽ പ്രപഞ്ചോത്പത്തിയെ സംബന്ധിച്ച് സന്ദേഹങ്ങളാണുള്ളത്. 'ബ്രഹ്മാണ്ഡത്തിൽനിന്നും (ബ്രഹ്മ-അണ്ഡം അഥവാ Cosmic egg) പ്രപഞ്ചമുണ്ടായി. ആർക്കറിയാം ഉറപ്പിച്ച്, സൃഷ്ടി എന്നു സംഭവിച്ചു? അവനുമാത്രം അതറിയാം, ഒരുപക്ഷേ, അവനും അതറിയില്ല!'—3500 വർഷങ്ങൾക്കു മുമ്പ് ഋഗ്വേദം ഇങ്ങനെ പറയുന്നു, 'അഗാധനിദ്രയിലായിരിക്കുന്ന ദൈവം കണ്ടുകൊണ്ടിരിക്കുന്ന സ്വപ്നമാകുന്നു ഈ പ്രപഞ്ചം. അനേക ബ്രഹ്മയുഗങ്ങളിലൂടെ അത് ജനിക്കുകയും മരിക്കുകയും പുനർജനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അത് അനന്തമായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു.' നാം ഈ പ്രപഞ്ചത്തെ അറിഞ്ഞു തുടങ്ങുന്നത് ഇങ്ങനെ അനേകമനേകം കഥകളിലൂടെയാണ്. എല്ലാ പ്രാചീന സമൂഹങ്ങളിലും പ്രപഞ്ചോത്പത്തിയും മനുഷ്യോത്പത്തിയും സംബന്ധിച്ച് പ്രചുരപ്രചാരങ്ങളായ അനേകം ഐതിഹ്യങ്ങളുണ്ട്. ആ കഥകളിലെ എല്ലാ നായികാനായകൻമാരും ഇപ്പോഴും നമുക്കൊപ്പം നമ്മുടെ സുദൃഢമായ വിശ്വാസങ്ങളിൽ ജീവിച്ചിരിക്കുന്നുമുണ്ട്. അവർക്ക് മരണമില്ല!

പ്രപഞ്ചമെന്നാൽ അനേകകോടി നക്ഷത്രസമൂഹങ്ങളും സ്ഥലകാലങ്ങളും ചേർന്ന ഭൗതികവും അദ്ഭുതകരവുമായ ഒരു പ്രതിഭാസമാണ് എന്നു നാം മനസ്സിലാക്കുന്നത് എത്രയോ പിന്നീടാണ്. എന്നാൽ അതിനൊക്കെ മുന്നേ ഈ പ്രപഞ്ചത്തെക്കുറിച്ച് നമുക്ക് അറിവുകളുണ്ട്. എല്ലാ പ്രപഞ്ച പ്രതിഭാസങ്ങളെക്കുറിച്ചും നമുക്ക് അറിവുകളുണ്ട്. ആ അറിവുകളെല്ലാം ഒരോരോ കഥകളായി നമ്മിലേക്ക് എത്തിച്ചേർന്നവയാണ്. ആ കഥകളെല്ലാം നിർമ്മിച്ചത് മനുഷ്യരാണ്, മനുഷ്യരുടെ ഭാവനയാണ്. നാം അറിയുന്ന ആദ്യ പ്രപഞ്ചം മനുഷ്യഭാവനയുടെ സൃഷ്ടിയാകുന്നു. ആ കഥകളൊന്നും കേവലം ഭാവനകൾ മാത്രമായിരുന്നില്ല. എന്താണ് കഥകൾ? എല്ലാ കഥകളും സവിശേഷമായ ഒരു ചരിത്രസന്ദർഭത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. എല്ലാ കഥകളിലും സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ അനേകം സംഭവങ്ങളുണ്ട്. എല്ലാ കഥകളിലും

ഓരോ കഥയും ശുഭപര്യവസായിയോ ദുഃഖ
നല്ലതും ചീത്തയുമുണ്ട്.
പര്യവസായിയോ ആണ്. കഥകൾ നമ്മളോടു പറയുന്നത് നമ്മെക്കുറിച്ചു
തന്നെയാണ്. നാം കേൾക്കുന്നതും അറിയുന്നതും നിർമ്മിക്കുന്നതുമായ
എല്ലാ കഥകളിലും നാംതന്നെയാണ് കഥാപാത്രങ്ങൾ. നമ്മുടെ ജീവിത
സന്ദർഭങ്ങൾതന്നെയാണ് എല്ലാ കഥകളുടെയും ഇതിവൃത്തം. പുരാത
നകാലത്ത് അത് പൗരാണികമായ ജീവിതത്തെയാണ് അടയാളപ്പെടു
ത്തുന്നത്. അങ്ങനെ പുരാണങ്ങൾ ഉണ്ടാകുന്നു. ആധുനികകാലത്ത്
അത് അധുനാതനമായ ജീവിതത്തെ അടയാളപ്പെടുത്തുന്നു. ഓരോ
കഥകളും യഥാർത്ഥത്തിൽ ഒന്നോ ഒന്നിലേറെയോ അനുഭവങ്ങളെ
യാണ് രേഖപ്പെടുത്തുന്നത്. അനുഭവങ്ങളെ ഭാവനാപൂർണമായി സാക്ഷാ
ത്കരിക്കുന്ന മാധ്യമമാണ് കഥ. ഓരോ കഥയും നിങ്ങളോടു സംവദി
ക്കുന്നത് നിങ്ങളെക്കുറിച്ചുതന്നെയാണ്. അതുകൊണ്ടാണ് നിങ്ങൾ
കഥകൾ വായിക്കുന്നത്. അതുകൊണ്ടാണ് നിങ്ങൾ കഥകളെ ഇഷ്ടപ്പെ
ടുന്നത്. അതുകൊണ്ടാണ് നിങ്ങൾ കഥകൾ പറയുന്നത്. നാം ഓരോ
രുത്തരും ഓരോ നിമിഷവും കഥകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ആ
പ്രക്രിയ നാം അറിയണമെന്നുതന്നെയില്ല. സുഹൃത്തിനോട്, കാമുകി
യോട്, അദ്ധ്യാപകനോട്, അയൽക്കാരനോട്, സഹപ്രവർത്തകനോട്,
സഹോദരനോട്... ഇങ്ങനെ ആരോടും നാം പറഞ്ഞുകൊണ്ടിരിക്കുന്നത്
കഥകളാണ്. നാം ബോധപൂർവമോ അബോധപൂർവമോ സൃഷ്ടിച്ചുകൊ
ണ്ടിരിക്കുന്ന കഥകൾ. അങ്ങനെ ജീവിതംതന്നെ വലിയ ഒരു കഥയായി
മാറുന്നു. പലരും പലതരത്തിൽ കഥകൾ മെനയുന്നു. അങ്ങനെ പലതരം
ജീവിതങ്ങൾ ജീവിക്കുന്നു. മനുഷ്യർ ഒറ്റയ്ക്കും ഒന്നിച്ചും നിർമ്മിക്കുന്ന
കഥകൾ ചേർന്നാണ് ഈ പ്രപഞ്ചമുണ്ടാകുന്നതും നിലനിൽക്കുന്നതും
തുടരുന്നതും. കഥകൾ ഇല്ലായിരുന്നു എങ്കിൽ, കഥകളെ നിർമ്മിക്കാൻ
കഴിയുമായിരുന്നില്ല എങ്കിൽ ഈ ജീവിതം എത്രയേറെ അസംതൃപ്തവും
അർത്ഥരഹിതവുമാകുമായിരുന്നു, വിരസവും വികാരശൂന്യവുമാകുമാ
യിരുന്നു. ഇന്നത്തെ പ്രഭാതത്തെ ഞാനും നിങ്ങളും എതിരേറ്റതുതന്നെ
ഇന്നു ജീവിക്കാനാവശ്യമായ ഒരു കഥയെ നിർമ്മിച്ചുകൊണ്ടാണ്! ആ
കഥയെ ഒരു കമ്പളംപോലെ നിർത്തി നാം ഒരു ദിവസത്തെ നേരിടുന്നു,
അതിജീവിക്കുന്നു. നാം കടലാഴങ്ങളിൽ നീന്തിയിട്ടില്ല. എന്നാൽ നമുക്ക്
കടലിന്റെ കഥയറിയാം. നാം ആകാശത്തിൽ പറന്നുനടന്നിട്ടില്ല. പക്ഷേ,
നമുക്ക് ആകാശത്തിന്റെ കഥയറിയാം. നാം അഗ്നിയായി ആളിപ്പടരുകയോ
കൊടുങ്കാറ്റായി ആഞ്ഞുവീശുകയോ ചെയ്തിട്ടില്ല. എന്നാൽ നമുക്ക്
അഗ്നിയുടെയും കാറ്റിന്റെയും കഥയറിയാം. നോക്കൂ... ഈ പ്രപഞ്ചത്തെ
നാം അറിയുന്നത് അറിവുകളിലൂടെയല്ല, കഥകളിലൂടെയാണ്. അസംഖ്യം
കഥകളിലൂടെയും അനേക കോടി കഥാപാത്രങ്ങളിലൂടെയുമാണ് നാം
ഈ പ്രപഞ്ചത്തെ അനുഭവിക്കുന്നത്. ഈ പ്രപഞ്ചത്തെ ഒരാറ്റമായോ
തന്മാത്രയായോ നാം അറിയുന്നതേയില്ല. ഒരു മൂലകമായോ വാതക



മായോ സംയുക്തമായോ നാം മനസ്സിലാക്കുന്നതേയില്ല. നമ്മെ സംബ
ന്ധിച്ച് പ്രപഞ്ചമെന്നാൽ നമ്മുടെ അനുഭവമാണ്. ആ അനുഭവം ഒറ്റയ്ക്കും കൂട്ടായുമുള്ള നമ്മുടെ ഭാവനയിലൂടെ നാം സമാഹരിച്ചുകൊണ്ടിരിക്കുന്ന ബോധ്യങ്ങളാണ്. ആ ബോധ്യങ്ങളെ കഥകളായി നാം പറഞ്ഞുകൊണ്ടേയിരിക്കുന്നു. കഥകൾകൊണ്ടാണ് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ആറ്റങ്ങൾകൊണ്ടല്ല. അറിവിനെക്കാൾ പ്രധാനമാണ് ഭാവന എന്ന് ആൽബെർട്ട് ഐൻസ്റ്റൈൻ പറയുന്നത് അതുകൊണ്ടാണ്. അറിവിന് അതിരുകളുണ്ട്. എന്നാൽ ഭാവനയോ ഈ ലോകത്തെയാകെ വലയം ചെയ്തുകൊണ്ടിരിക്കുന്നു.

പ്രിയപ്പെട്ട വായനക്കാരി/വായനക്കാരാ, ഞാനും നിങ്ങളോട് ഒരു കഥ പറയാൻ പോവുകയാണ്. കഥയാകുമ്പോൾ അതിനൊരു തുടക്കവും ഒടുക്കവും ഉണ്ടാകണം. അയവും മുറുക്കവും ഉണ്ടാകണം. ആഴവും പരപ്പും ഉണ്ടാകണം. ആഹ്ലാദവും ദുഃഖവുമുണ്ടാകണം. അനേകം കഥാപാത്രങ്ങളുണ്ടാകണം. നിർബന്ധമായും ഒരു കേന്ദ്ര കഥാപാത്രമുണ്ടാകണം. ഈ കഥയിലെ കേന്ദ്ര കഥാപാത്രം 'പ്രായം' *(AGE)* എന്ന പ്രതിഭാസമാകുന്നു. നിങ്ങളുടെയും എന്റെയും പ്രായത്തെക്കുറിച്ച് ഇത്രയേറെ സംസാരിക്കാൻ എന്തിരിക്കുന്നു എന്നു തോന്നാം. പ്രായം അത്ര ലളിതമായ ഒരു പ്രതിഭാസമല്ല. പ്രായം അത്രവേഗം നമുക്ക് പിടിതരുന്ന ഒരു പ്രതിഭാസവുമല്ല. ഒന്നോർത്തുനോക്കൂ... എന്തുകൊണ്ട് എനിക്കും നിങ്ങൾക്കും പ്രായമാകുന്നു? ജനിച്ചതുകൊണ്ടും ജീവിക്കുന്നതുകൊണ്ടും എനിക്കും നിങ്ങൾക്കും പ്രായമാകുന്നു. പക്ഷേ, ജീവിക്കാൻ എന്തിന് പ്രായമാകണം? പ്രായമാകാതെയും ജീവിക്കാമല്ലോ? ജനിച്ചാൽ ഒരിക്കൽ മരിക്കണം. അതുകൊണ്ട് പ്രായമാകണം. പക്ഷേ, പ്രായമാകാതെയും മരിക്കാറുണ്ടല്ലോ!

ഒരാളുടെ പ്രായം മനുഷ്യസമൂഹത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിന്റെ ആകെ തുകയാകുന്നു! എന്റെയും നിങ്ങളുടെയും ജീവിതം ആകെ മനുഷ്യചരിത്രത്തിന്റെ നേട്ടങ്ങളുടെ എല്ലാം സമ്പൂർണതയാകുന്നു. ദീർഘമായ നമ്മുടെ ആയുഷ്കാലം എന്റെയോ നിങ്ങളുടെയോ സ്വന്തം നിർമ്മിതിയല്ല. അനേക കോടി വർഷങ്ങളിലൂടെ ഈ പ്രപഞ്ചത്തിൽ, ഭൂമിയിൽ, ബാക്ടീരിയമുതൽ ആദിമമനുഷ്യനും ആധുനിക മനുഷ്യനും വരെ കൂട്ടുചേർന്ന് നിർമ്മിച്ചെടുത്ത ഒരാവാസവ്യവസ്ഥയുടെ സൃഷ്ടിയാണത്. ആ ആവാസവ്യവസ്ഥ സ്വയംഭൂ ആയിരുന്നില്ല. ജീവന്റെ പോരാട്ടങ്ങളുടെ ആകെ ചരിത്രമുണ്ട് എന്റെയും നിങ്ങളുടെയും ശരീരത്തിലും മനസ്സിലും. പ്രായമെന്നാൽ ഒരാൾ ജീവിച്ചിരുന്ന കാലയളവിന്റെ സാക്ഷ്യപ്പെടുത്തൽ മാത്രമല്ല, ഓരോ മനുഷ്യരിലൂടെയും തുടരുന്ന പ്രകൃതിയുടെ പ്രത്യക്ഷമാണ് എന്റെയും നിങ്ങളുടെയും പ്രായം. ഒരാളുടെ ജനനത്തിനും മരണത്തിനുമിടയിലുള്ള കാലയളവുമാത്രമല്ല പ്രായം. ഈ പ്രകൃതിയെമ്പാടും പരിലസിച്ചു മുന്നേറുന്ന സർവവ്യാപിയായ ജീവന്റെ

നാളിതുവരെയുള്ള ചരിത്രത്തിന്റെ ഭാഗമാണ് ഞാനും നിങ്ങളും. ഞാൻ എന്റേതു മാത്രമോ നിങ്ങൾ നിങ്ങളുടേതു മാത്രമോ ആയ ഒരു ജീവിതം ജീവിക്കുന്നതേയില്ല. ഞാൻ എന്റേതു മാത്രമായ ജീവിതം ജീവിക്കുന്നു എന്നതാണ് ഏറ്റവും വലിയ നുണ. ഏറ്റവും വലിയ അറിവില്ലായ്മ. ഒരാളും ഈ ഭൂമുഖത്ത് ഒറ്റപ്പെട്ട ഒരു ജീവിതം ജീവിക്കുന്നില്ല—*Life is always life with others.* മറ്റു മനുഷ്യരുമായി അർത്ഥവത്തായ ബന്ധങ്ങൾ സ്ഥാപിക്കാതെ ഒരു മനുഷ്യനും ഈ ഭൂമിയിൽ ജീവിക്കാനാകില്ല. അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ, *Man is by nature a political being.* മനുഷ്യൻ ഒരു സമൂഹജീവിയാണ്. ഈ ഭൂമിയെമ്പാടും തുടരുന്ന ആകെ ജീവിതത്തിലെ ഒരണു മാത്രമാണ് എന്റെയും നിങ്ങളുടെയും ജീവിതം. എന്നാൽ ഓരോ അണുവും ചേർന്നാണ് ഒരു സമ്പൂർണതയെ സൃഷ്ടിക്കുന്നത്. അതുകൊണ്ട് നമ്മുടെ ജീവിതം ഈ സമ്പൂർണതയിലെ അനിവാര്യതയാകുന്നു. നാമില്ലാതെ ഈ പ്രപഞ്ചത്തിൽ ഒന്നും പൂർണമാകുന്നില്ല. എന്തെന്നാൽ ഞാനും നിങ്ങളും ഉള്ളതുകൊണ്ടാണ് ഈ പ്രപഞ്ചം ഉണ്ടാകുന്നത്. ഈ പ്രപഞ്ചം ഉള്ളതുകൊണ്ടാണ് ഞാനും നിങ്ങളും ഉണ്ടാകുന്നത്. മനുഷ്യന് പ്രായമാകണമെങ്കിൽ ആദ്യം മനുഷ്യനുണ്ടാകണം. മനുഷ്യനുണ്ടാകണമെങ്കിൽ അനേക കോടി വർഷങ്ങളിലൂടെ പരിണാമങ്ങൾ സംഭവിക്കണം. പരിണാമങ്ങൾക്ക് തുടക്കമിടാൻ ആദ്യ ജീവബിന്ദു അങ്കുരിക്കണം. ഇവയെല്ലാം സംഭവിക്കണമെങ്കിൽ പ്രകൃതിയുണ്ടാകണം. പ്രകൃതിയുണ്ടാകണമെങ്കിൽ ഭൂമിയുണ്ടാകണം. ഭൂമിയുണ്ടാകണമെങ്കിൽ പ്രപഞ്ചമുണ്ടാകണം. നോക്കൂ... പ്രായം കേവലവും നിസ്സാരവുമായ ഒരു പ്രതിഭാസമേയല്ല. നമ്മുടെ പ്രായം എന്തെന്തിനോടെല്ലാം ബന്ധപ്പെട്ടിരിക്കുന്നു! പ്രായം ഭൗതികവും ജീവശാസ്ത്രപരവുമായ നിർമ്മിതിയാകുന്നു! മനുഷ്യർ മാത്രമല്ല ഈ ഭൂമുഖത്തുള്ള ഏകജീവി. മനുഷ്യനെ എന്നന്നേക്കുമായി സംഹരിക്കാൻ ശേഷിയും ശേമുഷിയുമുള്ള വന്യജീവികൾ ഈ ഭൂമുഖത്തുണ്ടായിരുന്നു (ഇപ്പോഴുമുണ്ട്). അവയെ നാം തുരത്തിയതും അതിജയിച്ചതും കൂട്ടം ചേർന്നുകൊണ്ടായിരുന്നു. അങ്ങനെയെങ്കിൽ മനുഷ്യന്റെ പ്രായം കൂട്ടംചേരലുകളുടെയും അങ്ങനെ വളർന്നും പടർന്നും പന്തലിച്ച നാഗരികതകളുടെയുംകൂടി ചരിത്രമാകുന്നു. പ്രായം ചരിത്രനിബദ്ധമാകുന്നു! വൈദ്യശാസ്ത്രവും ചികിത്സയും പുരോഗമിച്ചില്ലായിരുന്നു എങ്കിൽ ഞാനും നിങ്ങളും അതിജീവിക്കുമായിരുന്നില്ല (മൈക്രോസ്കോപ്പ് കണ്ടുപിടിച്ചില്ലായിരുന്നെങ്കിൽ തീർന്നുപോകുമായിരുന്ന ഒന്നാണ് മനുഷ്യായുസ്സ്! എന്തെന്നാൽ നമുക്ക് രോഗാണുക്കളെ കണ്ടെത്താനേ കഴിയുമായിരുന്നില്ല). മനുഷ്യർക്കിടയിലെ ഹിംസാത്മകത കുറച്ചു കൊണ്ടുവന്നില്ലായിരുന്നു എങ്കിൽ ഞാനും നിങ്ങളും ജീവിച്ചിരിക്കുമായിരുന്നില്ല. എന്റെ പ്രായം മറ്റൊരാളുടെ അഹിംസയാകുന്നു! ഈ പ്രപഞ്ചത്തെ അറിയാനും ആ അറിവുകൾ കൈമാറാനും പാകത്തിൽ ബോധം



വികസിച്ചില്ലായിരുന്നു എങ്കിൽ മനുഷ്യൻ എന്ന പ്രതിഭാസം എന്നേ അസ്തമിക്കുമായിരുന്നു. ബുദ്ധിയും ബോധവുംകൊണ്ട് പ്രകൃതിയിൽ ആധിപത്യം നേടാൻ കഴിഞ്ഞിരുന്നില്ല എങ്കിൽ ഞാനും നിങ്ങളും ഈ പ്രപഞ്ചത്തിൽ അവശേഷിക്കുമായിരുന്നോ? പ്രായം ബോധമാകുന്നു! നാം പടുത്തുയർത്തിയ സംസ്കാരങ്ങളും സാമൂഹികവ്യവസ്ഥകളുമില്ലായിരുന്നു എങ്കിൽ മനുഷ്യസമൂഹം അതിജീവിക്കുമായിരുന്നോ? പ്രായം ഒരു സാംസ്കാരിക നിർമ്മിതികൂടിയാണ്! ഇനി മനുഷ്യസമൂഹംതന്നെ അതിജീവിച്ചിരുന്നില്ല എങ്കിൽ പ്രായമാകാൻ ഞാനും നിങ്ങളും ഈ ഭൂമുഖത്ത് ഇപ്പോൾ ഉണ്ടാകുമായിരുന്നോ? പ്രായം ഒരു സാമൂഹ്യ നിർമ്മിതികൂടിയാകുന്നു. ഓരോ നിമിഷവും നാം പ്രായമായിക്കൊണ്ടിരിക്കുകയാണ്. പ്രായം ഒരു സമയനിർമ്മിതികൂടിയാകുന്നു. നോക്കൂ... എന്റെയും നിങ്ങളുടെയും പ്രായം ഒറ്റപ്പെട്ട ഒരു പ്രതിഭാസമേയല്ല. നമുക്കു പ്രായമാകണമെങ്കിൽ നിർബന്ധമായും നാം ജീവിച്ചിരിക്കണം. ജീവിതം അനവധി ഘടകങ്ങൾ ചേർന്നു പ്രവർത്തനക്ഷമമായിരിക്കുന്ന പ്രതിഭാസമാണ്. അതുകൊണ്ടുതന്നെ പ്രായവും അനവധി ഘടകങ്ങൾ ചേർന്നു നിർമ്മിക്കപ്പെടുന്ന ഒന്നാകുന്നു. മനുഷ്യന്റെ (എന്റെയും നിങ്ങളുടെയും) പ്രായത്തെ മനസ്സിലാക്കണമെങ്കിൽ നാം മനുഷ്യരാശിയുടെ ആകെ അതിജീവനത്തെയും മനസ്സിലാക്കണം. നാം നമ്മുടെ ജീവിതത്തെ മനസ്സിലാക്കിവച്ചിരിക്കുന്നത് ക്ഷണികമായ ഒന്നായാണ്. അത് ശരിയുമാണ്. പക്ഷേ, ആ ക്ഷണികത്വത്തെ നിർമ്മിക്കാൻ കോടാനുകോടി വർഷങ്ങളുടെ തയ്യാറെടുപ്പുകളും പുറപ്പാടുകളുമാണ് മനുഷ്യരാശി നടത്തിയിട്ടുള്ളത്. ഒരുപക്ഷേ, മനുഷ്യർ അവരുടെ ആയുഷ്കാലത്തെ അനന്തമായി ദീർഘിപ്പിക്കാൻ പോകുന്നു! അദ്ഭുതകരമായ ആ നേട്ടത്തിലേക്കാണ് മനുഷ്യചരിത്രം ഇനി പ്രവേശിക്കാൻ പോകുന്നത്. മനുഷ്യർ അനശ്വരരാകാൻ പോകുന്നു! വരാനിരിക്കുന്നത് പ്രായത്തിന് പ്രായമാകാത്ത കാലമാണ്!

മനുഷ്യന്റെ ജൈവികവും ഭൗതികവുമായ പരിണാമങ്ങൾ, മനുഷ്യന്റെ ചരിത്രവും സാമൂഹികശാസ്ത്രവും മനുഷ്യസമൂഹം തലമുറകളിലൂടെ പടുത്തുയർത്തിയ നേട്ടങ്ങൾ... ഇവയെല്ലാം ചേർന്നാണ് എന്റെയും നിങ്ങളുടെയും ജീവിതകാലയളവിനെ തീരുമാനിക്കുന്നത്. അതുകൊണ്ടുതന്നെ പ്രായത്തെക്കുറിച്ചുള്ള അന്വേഷണം തീർച്ചയായും ഈ മേഖലകളിലൂടെ എല്ലാമുള്ള സഞ്ചാരത്തെ അനിവാര്യമാക്കുന്നു. അത് തീർച്ചയായും ലളിതമായ ഒരു സഞ്ചാരമാകില്ല എന്നു മനസ്സിലാക്കുമല്ലോ. എങ്കിലും പരമാവധി ലളിതമായി കാര്യങ്ങളെ അവതരിപ്പിക്കാൻ ഞാൻ ആത്മാർത്ഥമായും ശ്രമിച്ചിട്ടുണ്ട്. എന്നാൽ വിഷയത്തിന്റെ സങ്കീർണത അനിവാര്യമായും സൃഷ്ടിക്കുന്ന ചില ക്ലിഷ്ടതകളെ ഒഴിവാക്കാൻ കഴിയാതെയും പോയിട്ടുണ്ട്. പ്രധാനമായും ശാസ്ത്രത്തിന്റെ ചില കണ്ടെത്തലുകളെ വിശദീകരിക്കുമ്പോൾ അത്ര വേഗത്തിൽ അതിനെ ഉൾക്കൊള്ളാൻ

കഴിയണമെന്നില്ല. എങ്കിലും (അതുപേക്ഷിച്ച്) താങ്കൾക്ക് മുന്നോട്ടു പോകാവുന്നതേയുള്ളൂ. വേണമെങ്കിൽ മടങ്ങിയെത്തി ഒരാവർത്തി കൂടി വായിക്കാവുന്നതേയുള്ളൂ. നമുക്ക് ഉൾക്കൊള്ളാനും ബോധ്യപ്പെടാനും മനസ്സിലാക്കാനും കഴിയാത്തതായി ഒന്നുമില്ല എന്ന ഉറപ്പോടെ, വരൂ... പ്രായത്തെക്കുറിച്ചുള്ള (ജീവിതത്തെക്കുറിച്ചുള്ള) ഈ അന്വേഷണത്തിലേക്ക് നമുക്ക് കൈകോർത്ത് ഒരു യാത്ര പോകാം...



# പ്രായമാകുന്നില്ല 'ഞാൻ'

# പദസൂചി


അഗ്നിദേവൻ 271
അടാല ആൻതോണി, ഡോക്ടർ 565
അടിമക്കച്ചവടം 667
അടിമത്തസമ്പ്രദായം 666
അഡനോസിൻ ട്രൈ ഫോസ്ഫേറ്റ് 162
അഡോൾഫ് ഹിറ്റ്ലർ 650
അതിജീവനയന്ത്രങ്ങൾ 652
അദാമി 373
അദാമി ക്രിസ് 373
അദ്വൈതവാദം 736
അധിവൃക്കഗ്രന്ഥി 78
അനിശ്ചിതത്വ സിദ്ധാന്തം 234
അനിശ്ചിതാവസ്ഥ 709
അപാർതീഡ് 335
അബു അലി സിനാ 328
അഭൗതികമായ സത്ത 756
അമിഷ് 516
അമീബാ 363
അമർത്യാസെൻ 487
അയണോസ്ഫിയർ 204
അരിവാൾ രോഗം 583
അരിസ്റ്റാർക്കസ് 147
അരിസ്റ്റോട്ടിൽ 14 29, 110, 324, 325, 330, 531, 732, 734
അറബ് വസന്തം 481
അലക്സാണ്ടർ ഫ്ലെമിങ് 347, 449
അലക്സ് എഡ്മാൻസ് 475
അലൻ ടൂറിങ് 517
അവേറി ഓസ്വാൾഡ് 419
അശ്വത്ഥാമാവ് 282
അഷാന്തി ഡിസിൽവ 443
അസെറ്റൈൽ ടാഗ് 183
അസെറ്റൈൽ സാലിസിലിക് ആസിഡ് 345
അസ്തിത്വവാദം 340, 746, 748, 758
അസ്ലീപിയസ് 328
അൻ ലുഷാൻ 658
അർജന്റിനോസോറസ് 395
അൽഖായിദാ 649, 650
അൽവാരെസ് ലൂയിസ് 175
ആണവ നിർവ്യാപന കരാർ 597
ആന്റിബോഡി 315
ആന്റൺ ഓഡ്രെ 731
ആയുർവേദം 322, 323, 326
ആറാം കൂട്ട വംശോച്ചാടനം 550
ആളോഹരി വരുമാനം 630
ആവാസവ്യവസ്ഥ 405
ആസ്പിരിൻ 345
ആൻഡേഴ്സൺ വില്യം ഫ്രെഞ്ച് 443
ആർക്കിപ്പെലാഗൊ മാലേയ് 360
ആർത്രോപോഡുകൾ 378, 383
ആൽഫാ സീറോ 536
ഇംഗ്ലിഷ് കലണ്ടർ 26
ഇബ്ൻ സിന 328
ഇയോസ് 553
ഇരുമ്പ് യുഗം 499
ഇലക്ട്രോൺ 123
ഇഷികാരി 179
ഇസ്ലാമിക് കലണ്ടർ 25, 26
ഇസ്ലാമിക് സ്റ്റേറ്റ് 659
ഇൻസുലിൻ 185, 442
ഈഗിൾമാൻ ഡേവിഡ് 74, 75, 530
ഈജിപ്ഷ്യൻ കലണ്ടർ 25
ഉരുവേല 274, 275

ഉൽപരിവർത്തനം 236, 366, 582
ഋഗ്വേദം 11, 270
എംഗൽസ് ഫ്രഡറിക് 338
എക്കാർട്ട് വില്യം 651
എഡിങ്ടൺ ആർതർ, സർ 96
എഡ്വേർഡ് സാൽക്ക് ജോനാസ് 301
എപിജീനോം 169, 176, 177, 181, 184,
186, 187, 233
എഫിയാറ്റിൽസ് 289
എലിസബത്ത് 742, 744
എൻഡേഴ്സ് ജോൺ 347
എൻ പാപ് എക്സ് 260
എൻസൈം 183
ഐക്യരാഷ്ട്ര സഭ 640, 680
ഐൻസ്റ്റൈൻ 29, 32, 61–63, 86, 90,
91, 94, 105, 115, 118, 133, 142, 168,
588, 730, 747, 751
ഒന്നാം ലോക യുദ്ധം 680
ഒബാമ ബറാക്ക് 477, 478, 483, 670
ഒബാമ മിഷേൽ 670
ഒറാങ് 396, 397, 398
ഒലാഡ് ഫ്രാൻകോയ്സ് 338
ഓഡിൻ 10
ഓപ്പെൻഹെയ്മർ റോബെർട്ട് 124
ഓർഗനെല്ലെകൾ 180
ഓർവൽ ജോർജ് 455, 484
ഔഷധശാസ്ത്രം 329
കടൽപഞ്ഞി 371, 374
കണികാശാസ്ത്രം 62, 63, 132
കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ 679
കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ 338
കരോൾ ലൂയിസ് 34, 672
കാംപ്ബെൽ ജോർജ് 693
കാക്കു മിഷിയോ 506, 523
കാജൽ സാന്റിയാഗോ 76
കാന്റ് ഇമ്മാനുവേൽ 332, 470, 735
കാപ്ര ഫ്രിഡ്ജോഫ് 111, 149
കാഫ്രെ 285
കാസ്പറോവ് ഗാരി 510, 512
കാസ് ലിയോൺ 525
കാർട്ടർ ബ്രാൻഡൺ 100, 704
കാർട്ടർ റിച്ചാർഡ് 301
കാർഷികയുഗം 500
കാൽക്കുലസ് 141
കാൽസിയം ഫോസ്ഫേറ്റ് 379
കിം ജോങ് ഉൻ 650
കിങ്സിലി ചാൾസ് 362
കിർകെഗാർഡ് 735, 750, 752,
കിർകെഗാർഡ് സോറൻ 746
കുടിയേറ്റം 643
കുലീനമായ നുണ 476
കുഷിം 260
കുൻ തോമസ് 168
കൃതിവർമ്മൻ 282
കൃത്രിമ ജൈവ-അവയവ
നിർമ്മാണ രംഗം 565
കൃത്രിമ ബീജസങ്കലനം 438
കെപ്ലർ ജോഹന്നാസ് 390, 730
കെൽവിൻ ലോർഡ് 123
കേംബ്രിഡ്ജ് അനലറ്റിക്ക 538
കേംബ്രിയൻ യുഗം 371
കേംബ്രിയൻ വിസ്ഫോടനം 371
കൊറോണാ 317
കൊളാജൻ 379
കോപ്പർനിക്കസ് നിക്കോളാസ് 100,
147, 390
കോമാളി മത്സ്യം 374
കോവിഡ് 318
കോശജാല എൻജിനീയറിങ് 440
കോശഭംഗം 368
കോസ്മൈഡ്സ് ലെഡാ 217
കോസൽ ആൽബ്രെറ്റ് 416
കോൺഡിക് മൗറീൻ 704
കോൺസെൻട്രേഷൻ ക്യാമ്പുകൾ 650
കോൺസ്റ്റാന്റിൻ മെർക്കോവ്സ്കി 363
ക്രിപ്റ്റോ കറൻസി 641
ക്രിറ്റേഷ്യസ്-ടെർഷിയറി
വംശനാശം 175
ക്രിസ്പർ 492, 574, 576, 579, 594



ക്രെയ്ഗ് ബഡ് 154
ക്രൊമാറ്റിൻ 181
ക്രോമോസോം 169, 226, 227
ക്രൗസ് ലോറൻസ് 126
ക്ലാർക്ക് ആർതർ, സി. 209, 616
ക്ലാർക് ബാരറ്റ് 217
ക്ലിന്റൺ ഹിലരി 477
ക്ലെമന്റ് ഏഴാമൻ മാർപാപ്പ 331
ക്ലേറ്റ്മാൻ നഥാനിയേൽ 44
ക്ലോണിങ് 497, 584, 600
ക്ലോറോപ്ലാസ്റ്റ്സ് 362
ക്ലോറോഫിൽ 402
ക്വാണ്ടം ബലതന്ത്രം 62, 103, 105, 107,
132, 138, 149
ക്ഷീരപഥം 101, 127
ഖുർ ആൻ 9, 276, 267
ഗലീലി ഗലീലിയൊ 119, 711, 730
ഗായ 206, 211, 212, 213, 220
ഗാലപ്പാഗോസ് 351, 353
ഗാലൻ ക്ലാഡിയസ് 328, 330
ഗിബ്സൺ അനബെല്ലെ 474
ഗിസായിൽ 285
ഗുട്ടൻബർഗ് ജോഹന്നെസ് 458
ഗുരുത്വാകർഷണ സിദ്ധാന്തം 349
ഗെബ്രിയേസസ് ടെഡ്രോസ് 318
ഗൊറില്ല 398
ഗോഡെലി 31
ഗോഡെൽ കുർട്ട് 29–32, 91, 94, 115
ഗോൾഡിങ്ങ് വില്യം 211
ഗ്യാസ് ചേംബറുകൾ 650
ഗ്യോർഗി ആൽബെർട്ട് സെന്റ് 305
ഗ്രാംഷി അന്റോണിയൊ 736
ഗ്രിഗോറിയൻ കലണ്ടർ 26
ഗ്രിഫിൻ 139
ഗ്രേവ്സ് ജെന്നിഫർ 227
ഗ്ലൂക്കോസ് 162, 163, 164
ഗ്ലൈക്കോസൈലേഷൻ 164, 168
ഗൗതമൻ 274, 275
ഗർഭച്ഛിദ്രം 487
ചന്ദ്രശേഖർ സുബ്രഹ്മണ്യൻ 96
ചരകസംഹിത 326
ചരിത്രപരമായ ഹ്രസ്വദൃഷ്ടി 657
ചാർഗാഫ് ഇർവിൻ 420
ചിമ്പൻസി 396, 397, 398
ചെമ്പ് യുഗം 499
ചെഷസ്ക്യു നിക്കോളാസ് 452, 650
ചേംബേഴ്സ് റോബർട്ട് 358
ചേഷ്ടാസിദ്ധാന്തം 530
ചോംസ്കി നോം 77, 78, 245
ചോപ്ര ദീപക് 729
ചർച്ച് ജോർജ് 585
ജഗ്ഗി വാസുദേവ് സദ്ഗുരു 707
ജനസംഖ്യ 634, 635
ജനിതക എഡിറ്റിങ് 497, 574, 576,
581, 584, 590
ജനിതക ചികിത്സ 440
ജനിതകനിർണയവാദം 530
ജനിതക മലിനീകരണം 448
ജനിതക രോഗചികിത്സ 579
ജനിതക ശസ്ത്രക്രിയ 579
ജാനറ്റ് ബ്രൗൺ എലിസബത് 390
ജാവാ മനുഷ്യൻ 399
ജിയാൻകുയി ഹെ 492, 587, 588
ജീവജാതികളുടെ ഉത്ഭവം 54, 189,
358, 363, 389, 413, 677
ജീൻ 193, 194, 366, 415, 419
ജീൻ എഡിറ്റിങ് 492, 593
ജൂലിയൻ കലണ്ടർ 25, 26
ജെന്നിങ്സ് കെൻ 511
ജെന്നർ എഡ്വേർഡ് 347
ജെറിക്കോ 248
ജെല്ലി മത്സ്യം 374
ജെൽസിങ്കർ ജെസ്സി 444
ജൈവധാർമ്മികത 599
ജൈവരസതന്ത്രം 344
ജൈവശാസ്ത്രം 440
ജൈവസാങ്കേതികവിദ്യ 435, 444,
543, 605

ജോയ് ബ്രൗൺ ലൂയിസ് 486, 495
ജോൺസൺ ബോറിസ് 479
ജോർജ് മൂന്നാമൻ 336
ജ്ഞാനവിപ്ലവം 650
ജ്ഞാനോദയം 332-337, 341, 349
ഞാൺ സിദ്ധാന്തം 133, 137, 141, 146
ടഗ്ഗാർട്ട് മക് 27, 37, 38, 40, 41, 42
ടണിഗുച്ചി നൊറിയോ 570
ടാങ് രാജവംശം 658
ടാർസസിലെ പോൾ 267
ടിയാനൻമെൻ സ്ക്വയർ 650
ടൂബൈ ജോൺ 217
ടെഗ് മാർക്ക് മാക്സ് 518
ടെട്രാപോഡ് 381
ടെലോമീറുകൾ 169
ടെസിച്ച് സ്റ്റീവ് 469
ടൈസൺ നീൽ ഡീഗ്രസ്സേ 131
ടൊണോണി ഗിയുലിയൊ 704, 707, 710, 712
ടൊയിൻബി അർനോൾഡ് 656
ടോംകിൻസ് പീറ്റർ 401
ട്രംപ് ഡൊണാൾഡ് 473
ട്രോപോസ്ഫിയർ 202
ഡമാഷിയൊ അന്റോണിയൊ 712, 714
ഡയാനെ ജെസ്കെ 687
ഡാനിയല്ലെ ക്രോക്കെറ്റ് 76
ഡാമി എലിസബെറ്റാ 35
ഡാറ്റായിസം 457
ഡാർവിനിസം 83
ഡാർവിൻ ചാൾസ് 43, 54, 189, 192, 195, 211, 250, 313, 349, 351–355, 357–362, 369, 387, 389, 390–392, 397, 399, 400, 406, 412, 514, 531, 601, 611, 626, 652, 677, 683, 684, 724, 734
ഡിക്ക്മാൻസ് ഏർണസ്റ്റ് 510
ഡിക്സൺ ഏർലി 347
ഡിജിറ്റൽ ഏകാധിപത്യം 542
ഡിജിറ്റൽ കറൻസികൾ 641
ഡിറാക്ക് പോൾ 142
ഡുബോയ്സ് യൂജിൻ 399
ഡെനിസോവൻ 242
ഡെമൊക്രിറ്റസ് 325, 330, 570
ഡേവിസ് പോൾ 110
ഡൈസൺ ഫ്രീമാൻ ജെ. 145
ഡോക്കിൻസ് റിച്ചാഡ് 200, 210, 242, 362, 368, 397, 652, 656
ഡോയൽ ക്രിസ്റ്റഫർ ചാൾസ് 284, 285, 288
ഡോളി 439, 497, 600
ഡ്രിസ്കോൾ ടെഡ് 575, 579
ഡ്രെക്സ്ളർ, കെ എറിക് 571, 573
ഡൗഡ്ന ജെന്നിഫർ 492, 576, 588, 590
ഡൺകൻ അൻജേലാ ഇസദോറാ 594
ഡൻകോൺ മാത്യു 470
തബ്രിസ് ഇറാജ് ഹരിർച്ചി 317
തമോഗർത്തം 130
താപപ്രസരണം 405
തോമസ് ഹെൻറി ഹക്സ്ലി 122, 392
ത്രിപീടിക 277
ദക്കാർത് റെനേ 107, 342, 676, 692, 714, 727, 739, 742, 744, 750
ദെറീദാ ജാക്വിസ് 454
ദേവറൂക്സ് സ്റ്റീഫൻ 582
ദൈവശാസ്ത്രം 728
ദൊഴാൻസ്കി തിയോഡോസിയസ് 409
ദ്വന്ദ്വവാദം 741, 746
ദ്വൈതവാദം 736
ധനതത്ത്വശാസ്ത്രം 633
നരബലി 665
നരവംശാധിപത്യം 549
നവയുഗം 549
നവീന ശിലായുഗം 499, 651
നാടോടി വൈദ്യം 329
നാനോ വൈദ്യശാസ്ത്രം 571
നാനോശാസ്ത്രം 570



നാറ്റുഫിയാൻ സംസ്കാരം 248
നിജൗട്ട്, എച്ച്. ഫ്രെഡറിക് 193
നിയാന്തർതാൾ 242, 399, 652
നിർജ്ജലീകരണം 698
നിർണയവാദം 82, 465, 756
നിർമ്മിതബുദ്ധി 73, 498, 510
നീഷെ ഫ്രെഡ്റിച്ച് 340
നെപ്പോളിയൻ 85
നൈഡേറിയ 374
നോക്സ് റോബർട്ട് 332
നോബൽ പുരസ്കാരം 681
നോവാക് ബെൻ 585
നോർമൻഡി 113
ന്യൂക്ലെയിൻ 412
ന്യൂട്ടൺ ഐസക് 32, 58, 59, 62, 82-85, 94, 102, 103, 151, 168, 341, 349, 589, 730, 734
ന്യൂറോൺ 70, 71, 73, 80, 113
പക്ഷിപ്പനി 316
പനെക് തോമസ് 533
പരിണാമം 591
പരിണാമ തത്ത്വം 419
പരിണാമപ്രക്രിയ 704
പരിണാമവാദികൾ 734
പരിണാമശാസ്ത്രം 529
പരിണാമ സിദ്ധാന്തം 349, 409, 465, 497, 677
പാരസെൽസസ് 328, 329
പാസ്റ്റർ ലൂയി 416
പിക്കെറ്റ് തോമസ് 627, 628, 636
പിങ്കർ സ്റ്റീവൻ 648, 653, 668, 671
പിനോഷെ 650
പിസ്സാഗേറ്റ് വിവാദം 477
പിൻറോ ജൂലിയൻ 435
പുഡികാക്ക് മിമോസാ 43, 44
പെനിസിലിൻ 347, 449
പെയ്സ് കാതി 688
പെൻറോസ് റോജർ 101, 130, 143
പേറൂട്സ് മാക്സ് 425
പേർഷ്യൻ കലണ്ടർ 25
പൊഡെസ്റ്റ ജോൺ 477
പൊതു സാപേക്ഷതാ സിദ്ധാന്തം 30, 95
പോട്ട് പോൾ 293, 650
പോപ്പ് ഗ്രിഗോറി പതിമൂന്നാമൻ 25
പോറസ് 290
പോർട്ടർ റോയ് 331, 342
പ്രകാശസംശ്ലേഷണം 401
പ്രകൃതി നിർധാരണം 350, 352, 354, 358, 370, 388
പ്രതിവർഷ ആഭ്യന്തര വരുമാനം 659
പ്രതീക്ഷിത ജീവിതദൈർഘ്യം 558
പ്രപഞ്ചവർഷങ്ങൾ 547
പ്രാചീനയുഗം 547, 549
പ്രാചീന ശിലായുഗം 499
പ്രിഗോഗ് ഇലിയ 214
പ്രൂസ്റ്റ് മാർസൽ 749
പ്രോട്ടീനുകൾ 164, 169, 180, 183
പ്രോട്ടോൺ 123, 133, 159
പ്ലേറ്റോ 108, 324, 730, 733
പൗരാവകാശം 668
പൗളിങ് ലൈനസ് 430
പൗസ് വോൺ വോൾട്ട് 35
പർവതകൻ 290
ഫാബർ എം. 387
ഫാരഡെ മൈക്കൽ 152, 589, 730
ഫിഷ് സ്റ്റോക്ക് 536
ഫുക്കുയാമ ഫ്രാൻസിസ് 453, 454, 484, 525
ഫൂക്കോ മിഷേൽ 472
ഫെയിൻമാൻ റിച്ചാഡ് 508, 569, 571
ഫൈബ്രോബ്ലാസ്റ്റ് 166
ഫോട്ടോൺ 63
ഫോബസ് ലെവീൻ 418
ഫ്രഞ്ച് വിപ്ലവം 337, 338
ഫ്രാങ്കോ ഫ്രാൻസിസ്കോ 650
ഫ്രാങ്ക്ളിൻ എൽസി 427
ഫ്രാങ്ക്ളിൻ റോസലിൻഡ് 424

ഫ്രാൻസിസ് ക്രിക്ക് 423
ഫ്രൈഡ്റിച്ച് ഹോഫ്മാൻ 343
ഫ്രോയിഡ് സിഗ്മണ്ട് 225, 527, 736
ഫ്ലോയ്ഡ് ജോർജ് 335, 393, 670
ബദൽ സത്യം 472
ബാക്ടീരിയ 236, 363, 364, 367, 369
ബാബിലോണിയൻ കലണ്ടർ 25
ബാലാവകാശം 668, 674
ബാർസ് ബർണാഡ് ജെ. 50, 52
ബാൾട്ടിമോർ ഡേവിഡ് 554
ബിറ്റ് കോയിൻ 641
ബീഗിൾ എച്ച്.എം.എസ്. 351
ബീഥോവൻ 110
ബുദ്ധൻ 146, 163, 273, 274, 275
ബുവേ സിമൊൺ ദി 736
ബുഷ് ജോർജ് 478, 660
ബെന്റ്ലി റിച്ചാർഡ് 59
ബേഡ് ക്രിസ്റ്റഫർ 401
ബൈബിൾ 9, 224, 225, 267, 277
ബൊണൊബൊ 396
ബോക്കാനോവ്സ്കി 485
ബോധഘടനാ വിജ്ഞാനീയം 750
ബോധത്തിന്റെ ബോധം 753
ബോയ്‌ലെ റോബർട്ട് 342
ബോയർഹാവ് ഹെർമൻ 343
ബോറെല്ലി ജിയോവന്നി 342
ബോവ ബെൻ 159, 163
ബോഷ് കാൾ 551
ബ്രഹ്മഗുപ്തൻ 148
ബ്രഹ്മസ്ഫുടസിദ്ധാന്തം 148
ബ്രഹ്മാവ് 11, 322
ബ്രാച്ചിയോസോറസ് 395
ബ്രിൻജോൾഫ്സൺ എറിക് 521, 522
ബ്രോഫി ബ്രിജിഡ് 677
ബ്രൗൺ വാറൻ എസ്. 729
ബൗഷട്ട് യൂജിൻ 700
ബൻയാമിൻ വാൾട്ടർ 736
ബർജാവേൽ റനേ 28
ബർണാഡ് ഷാ ജോർജ് 84, 594
ബർണാൽ ജെ ഡി 84
ഭക്ഷ്യസുരക്ഷ 552
ഭഗവദ്ഗീത 284
ഭരണഘടന 646
ഭൂവിജ്ഞാനീയ യുഗം 546
ഭ്രൂണപരിഷ്കരണം 600
ഭൗതികവാദം 756
ഭൗതികാനന്തരലോകം 469
ഭൗമശാസ്ത്രം 546
മംഗോളിയൻ സാമ്രാജ്യം 658
മക്കാർടി മക്ലിൻ 418, 420
മക്നീൽ വില്യം 308
മധ്യയുഗം 549
മധ്യസ്ഥിതി സിദ്ധാന്തം 732
മനസ്സ്/ശരീര ദ്വന്ദ്വസിദ്ധാന്തം 713
മനുഷ്യ ക്ലോണിങ് 600
മനുഷ്യത്വം 733
മനുഷ്യാനന്തരകാലം 484
മനുഷ്യാവകാശപ്രതിജ്ഞ 668
മയർ ഏണസ്റ്റ് 192, 368
മറിയാ റിമാർക്ക് എറിക് 698
മലയാളം കലണ്ടർ 26
മലെബ്രാഷെ നിക്കോളാസ് 117
മഹാത്മാഗാന്ധി 589
മഹാഭാരതം 280, 281, 284, 287, 288, 290, 322
മഹാവിസ്ഫോടനം 126, 129, 130, 143, 548
മാക്സ്‌വെൽ ജെയിംസ് ക്ലെർക്ക് 62, 152, 589, 730
മാഡിസൺ എഡ്ഗാർ 478
മാമോത്ത് ഗുഹ 44, 45
മാവോ സേ ദോങ് 650
മാൻ ചാൾസ് 617, 619
മാർക്സിസം 147, 340
മാർക്സ് കാൾ 338, 735
മാർഗുലിസ് ലിൻ 368
മാൽത്തൂഷിയൻ 635
മാൽത്തൂസ് തോമസ് 352, 353, 611, 626, 627, 632, 639



മാൽപിഗ്ഗി മാർസെല്ലൊ 342
മിറാൻ ഴാങ് ജാക്വിസ് ദെ 43, 44
മില്ലാർഡ് ലൂയിസ് 163
മില്ലർ ജോഫ്രി 370
മിൽട്ടൺ ജോൺ 674
മീഷേർ ഫ്രീഡ് റിച്ച് 412, 416
മുതലാളിത്ത കമ്പോള വ്യവസ്ഥ 636
മുത്തച്ഛൻ പ്രഹേളിക 28
മുദ്രാരാക്ഷസം 290
മുബാറക്ക് ഹോസ്നി 482
മുല്ലപ്പൂവിപ്ലവം 681
മുസ്സോളിനി ബെനിറ്റോ 650
മുഹമ്മദ് അൽ മമൂൻ 285
മൂലകോശം 177, 590
മൂലകോശ ചികിത്സ 440
മൃഗങ്ങളുടെ അവകാശങ്ങൾ 677
മൃഗചികിത്സാ ശാസ്ത്രം 678
മെയ്മോൻ മോസസ് ബെൻ 700
മെലസോമാ 191
മെസൊപൊട്ടാമിയൻ സംസ്കാരം 256
മെസോൺ 133
മെൻഡൽ ഗ്രഗോർ ജോഹൻ 414, 586
മെൻഡൽ സിദ്ധാന്തം 415
മൈറ്റോകോൺഡ്രിയ 161, 180, 184, 362
മൊണെറ്റ് ക്ലോഡ് 113
മൊയ്നി 10
മൊറാവെക് ഹാൻസ് 513, 516, 521
മൊസാർട്ട് 490
മോണോഡ് ജാക്വിസ് 197
മോണ്ടെസ്ക്യൂ 333
മ്യൂളർ ജോൺ 681
മർഫീസ് നിയമം 218
യാങ് 321
യാഥാർത്ഥ്യവാദം 756
യിൻ 321
യുഗാണ്ട 487
യുങ് ആർതർ 626
യുധിഷ്ഠിരൻ 322
യുയുത്സു 282
യേശുക്രിസ്തു 25, 60
രവിചന്ദ്രൻ സി 211
രൂപകല്പന ചെയ്ത കുഞ്ഞുങ്ങൾ 600
റംസ്ഫെൽഡ് ഡൊണാൾഡ് 129
റട്ടർ ബ്രാഡ് 511
റയിൽ ഗിൽബർട്ട് 531, 745
റാമൺ ഗാസ്റ്റൺ 347
റിക്കാർഡോ ഡേവിഡ് 628
റിച്ചാഡ്സൺ, ഐ.ഡബ്ല്യു. 45, 46
റിച്ചാഡ്സൺ ബ്രൂസ് 44
റിഫ്കിൻ ജറേമി 437
റുയേൻ കത്തീഡ്രൽ 113
റൂകെയ്സർ മുറിയേൽ 9
റൂസ് വെൽറ്റ് ഫ്രാങ്ക്ലിൻ 589
റൂസ്സൊ 735
റൈറ്റ് സഹോദരൻമാർ 507
റോബോട്ടിക് സർജറി 498
റോബർട്ട് 350
റോമൻ കലണ്ടർ 25
ലംബക കൃഷി 306
ലക്ഷ്മീദേവി 271
ലവ് ലോക്ക് ജെയിംസ് 206, 209, 211, 212, 213, 220, 230
ലാക്സ് ഹെൻറിറ്റ 166
ലാപ്ളേസ് പിയറി സിമോൺ 85, 109
ലിങ്കൺ എബ്രഹാം 336
ലിന്നേയൂസ് കാൾ 222
ലിപ്ടൺ ബ്രൂസ് എച്ച്. 123, 153
ലിബറലിസം 541
ലിബെറ്റ് ബഞ്ചമിൻ 467
ലീച്ച് എഡ്മണ്ട് 251
ലുലുവും നാനയും 494, 587
ലുസിപ്പസ് 324
ലൂക്കാച്ച് ഗ്യോർഗി 736
ലൂഥർ മാർട്ടിൻ 328, 459

ലൂപസ് കാനിസ് 495
ലൂയി പതിനാറാമൻ 338
ലെനിൻ 265
ലെബനീസ് 108
ലെവെന്റ് 248
ലോകമഹായുദ്ധം 656
ലോക്ക് ജോൺ 529, 674
ലോറൻസ് എഡ്വേർഡ് 103
ലോർ സ്റ്റീവ് 457
വംശോച്ചാടനം 649
വസൂരി 317, 318, 347
വാഗ്നർ 191
വാഗ്നർ മോർട്ടിസ് 189
വാങ്, എച്ച്.എച്ച്. 46
വാട്സൺ ജെയിംസ് 411, 424, 433
വാട്സൺ തോമസ് ജെ 511
വാലസ് 360
വാലസ് ആൽഫ്രഡ് റസ്സൽ 355, 359, 390
വാഷിങ്ടൺ ജോർജ് 700
വാൻഗോഘ് 490
വിഗ്നർ യൂജിൻ 105, 142
വിത്തു കോശം 177
വിഭംഗനം 426
വില്യം ബർക് 332
വിഷൂചിക 318, 330
വിഷ്ണു 11
വിൽറ്റ്ഷയർ 286
വിൽഹം ലെബനിസ് 60
വീലർ ജോൺ 118, 456
വീലർ റേയ്മണ്ട് 306
വുഡ്‌വാർഡ് 346
വൃഷകേതു 282
വെബ്ബർ ജോനാഥൻ 748
വെബർ മാക്സ് 661
വെയിസ്മാൻ ആഗസ്റ്റ് 195
വെയിൽ റേ കുർസ് 538
വെൻഡൽ ഒളിവർ 84
വെൽസ് എച്ച്.ജി. 139, 497
വേണർ ഒട്ടോ 168
വേണർ സിൻഡ്രോം 168
വേറസ് ലൂസിയസ് 310
വൈറ്റ് മാത്യു 656, 658
വോട്ടവകാശം 680
വോർഫ് ബഞ്ചമിൻ 505
വോൾഫ് ഫ്രെഡ് അലൻ 36
വ്യാവസായിക വിപ്ലവം 541, 629, 640
ശരീരനിരപേക്ഷമായ മനസ്സ് 715
ശിവൻ 11
ശൂന്യാകാശ വാഹനങ്ങൾ 642
ശ്രീകൃഷ്ണൻ 263
ഷാർപന്റീർ ഇമ്മാനുഎല്ലെ 492, 576
ഷെറിങ്ടൺ ചാൾസ് സ്കോട്ട് 106
ഷെവിൻ ഡെറക് 335
ഷേക്സ്പിയർ 26, 158, 690
ഷോപ്പൻഹോവർ 736
ഷ്മാൾഹ്യൂസെൻ ഇവാൻ 195
ഷ്രോഡിംഗർ എർവിൻ 107, 111, 112, 156, 216, 217, 366
സതി സമ്പ്രദായം 665
സത്ത 716, 746
സത്യാനന്തരകാലം 469, 473
സമത്വം 678
സമുദ്രതൃണങ്ങൾ 377
സയനോ ബാക്ടീരിയ 363
സരസ്വതി 271
സള്ളിവാൻ മാർക്ക് 507
സഹപരിണാമം 406
സാഗൻ കാൾ 357
സാത്യകി 282
സാപിർ എഡ്വേർഡ് 505
സാപേക്ഷതാ സിദ്ധാന്തം 63, 86, 97, 99, 163
സാരമാഗൊ ജോസ് 534
സാർത്രെ ഴാങ് പോൾ 736, 748, 750, 752, 754
സാർവജനീനമായ ബുദ്ധി 517
സിക്കാഡിഡാസ് 45
സിദ്ധാർത്ഥൻ 19
സിൻക്ലയർ ഡേവിഡ് എ. 169, 170, 187
സിർട്യൂൺ 183, 184
സിൽവർ നേറ്റ് 458
സിൽവർ ലീ എം 596
സീയൂസ് 553
സുകാവ് ഗാരി 111
സുക്കർബർഗ് 260
സുജാത 275
സുദർശൻ, ഇ സി ജി 215
സുനാമി 294
സുശ്രുതസംഹിത 326
സുസന്താനോത്പാദനവിദ്യ 489, 491
സെംപർ, കെ. 189
സെറാമി ആൻതോണി 164
സെറാറ്റോസോറസ് 395
സെറിബെല്ലം 70
സെറിബ്രം 69
സെർവാന്തസ് മിഗേൽ 26
സൈക്സ് ബ്രയാൻ 227
സൈനോമോൾഗസ് 590
സൊറാസ്റ്റർ 327
സോക്രട്ടീസ് 476
സോളിഡാരിറ്റി പ്രസ്ഥാനം 452
സോളൻ ഹോഹെൻ 238
സ്കോഷ് റോബർട്ട് 285
സ്ട്രാറ്റോസ്ഫിയർ 203, 204, 206
സ്ട്രോസ് ലെവി 251
സ്ത്രീസ്വാതന്ത്ര്യവാദം 671
സ്പിനോസ് 108
സ്പെൻസർ ഹെർബർട്ട് 55, 357
സ്മിത് ആദം 339, 667
സ്റ്റാലിൻ ജോസഫ് 650, 680
സ്റ്റിൽട്ടൻ ജെറൊനിമൊ 35, 36
സ്റ്റൂക്കൽ വില്യം 58
സ്റ്റോറേജ് കപ്പാസിറ്റി 641
സൺ ക്വാൻ 289
സർവജീവത്വവാദം 621
ഹക്സ്ലി ആൽഡസ് 392, 484, 525, 587
ഹക്സ്ലി ജൂലിയൻ 392
ഹബിൾ എഡ്വിൻ 126, 129, 131
ഹബിൾ ടെലസ്കോപ്പ് 138
ഹമുരാബി 264, 265, 655
ഹമുരാബി കോഡ് 336, 655
ഹരാരി യുവാൽ നോഹ് 60, 65, 228, 238, 245, 458, 507, 521, 659
ഹരിത ഇന്ധനങ്ങൾ 404
ഹരിതഗൃഹ വാതകം 297
ഹരിതവിപ്ലവം 296, 403, 640
ഹസ്സേൾ എഡ്മണ്ട് 736
ഹാരിസ് ജോൺ 594
ഹാരിസൺ എഡ്വേർഡ് 512
ഹാവേൽ വക്ലാവ് 212
ഹാവർത്ത് വാൾട്ടർ നോർമൻ 305
ഹാസെൽറ്റൈൻ വില്യം 440
ഹാൻ രാജവംശം 289
ഹാർമൻ ഡെൻഹാം 160, 161
ഹാർവി വില്യം 322, 700
ഹാർഷെ, ഡി. 46
ഹാൾഡെയ്ൻ ജെ ബി എസ് 84
ഹിന്ദു കലണ്ടർ 25
ഹിപ്പൊക്രേറ്റസ് 300, 325, 327, 330, 715
ഹിറ്റ്ലർ 265, 680
ഹിസ്റ്റോൺസ് 180, 183
ഹീബ്രു കലണ്ടർ 25
ഹീസൻബർഗ് 61
ഹുറികെയിൻ കട്രീന 184
ഹുസൈൻ സദ്ദാം 625, 649
ഹെഗൽ 338, 454, 735
ഹെയർ വില്യം 332
ഹെറൊഡോട്ടസ് 327
ഹെലനിക് കലണ്ടർ 25
ഹെർദർ ജൊഹാൻ 692
ഹെൽമോൺട് ജാൻ ബാപ്റ്റിസ്റ്റ് വാൻ 343
ഹേഫ്ലിക്ക് പരിധി 165
ഹേഫ്ലിക്ക് ലിയോണാർഡ് 165, 697
ഹേബർ-ബോഷ് പ്രക്രിയ 551

ഹേബർ ഫ്രിറ്റ്സ് 551
ഹേർട്സ് ഹെയിൻറിച്ച് 142
ഹൈഡ്ര 375
ഹൈദഗർ മാർട്ടിൻ 43, 50, 736, 751, 754
ഹൈറോഗ്ലിഫിക്സ് 261
ഹൈസൻബർഗ് 105, 235
ഹൈസൻബർഗ് വേണർ 104, 234, 712
ഹൊമിനിൻ 398, 399
ഹോക്കിങ് സ്റ്റീഫൻ 141, 435
ഹോഫ്മാൻ ഡൊണാൾഡ് 77, 78, 116, 121, 690, 710
ഹോഫ്മാൻ ഫെലിക്സ് 345
ഹോബ്സ്ത 654
ഹോബ്സ് തോമസ് 653
ഹോമി ഭാഭാ 472
ഹോമൊ ഇറക്റ്റസ് 251, 398, 407, 652
ഹോമൊ ദേയൂസ് 507
ഹോമൊ സാപിയെൻസ് 507, 614, 650, 652
ഹോർമോൺ 78
ഹ്യൂം ഡേവിഡ് 690
ഹ്യൂഗ്സ് ജെന്നിഫർ 227